ത്തീട്ടുണ്ട്. മറ്റ് നടപടികളും സ്വീകരിച്ചു വരികയാണ്. അദ്ധ്യാപകർ അതിനെ തുടർന്നു പരീക്ഷ ബോയ്ക്കോട്ട് ചെയ്തു എന്നുള്ളതു ശരിയാണ്. അദ്ധ്യാപകർ വീണ്ടും പരീക്ഷാജോലികളുമായി സഹകരിക്കണമെന്നും, അവർക്കു വേണ്ട സംരക്ഷണം കൊടുക്കാമെന്നും പ്രിൻസിപ്പാൾ വഴി ഗവൺമെൻറ് ഉറപ്പു കൊടുത്തിട്ടുണ്ട്. ഇതു വളരെ നിർഭാഗ്യകരമായ സംഭവമായിപ്പോയി. നമ്മുടെ കുട്ടികളും ഇങ്ങനെ ചെയ്യുന്നത് ശരിയല്ല. അദ്ധ്യാപകരെ കയ്യേറ്റം ചെയ്യുന്നതും എന്തെങ്കിലും കൃത്രിമങ്ങൾ കാണിച്ചു പിടിച്ചാൽ അതിനെതിരെ ശബ്ദിക്കുന്നതും ശരിയല്ല. ഏതു വിദ്യാർത്ഥി സംഘടനകളിൽപ്പെട്ടവരായാലും ശരി ഇത്തരം നടപടികളെ നീരുൽസാഹപ്പെടുത്തേണ്ടതാണ്. വിദ്യാർത്ഥികളും ഇതിൽ നിന്നും പിൻതിരിയേണ്ടതുമാണ്.

(4) ടി. കെ. മാധവൻ സ്മാരകം

ശ്രീ. എം. കെ. കേശവൻ : സർ, ഹരിജനങ്ങളുടേയും അവശസമുദായങ്ങളുടേയും ഉദ്ധാരകനായിരുന്ന റ്റി. കെ. മാധവന്റെ ജന്മശതാബ്ദി കൊണ്ടാടുന്ന വർഷമാണിത്. ഹരിജനങ്ങളും ഉൾപ്പെടെയുള്ള തീണ്ടൽ ജാതിക്കാർക്ക് ഒരുകാലത്ത് പൊതുനിരത്തിൽ സഞ്ചരിക്കുവാനും ക്ഷേത്രാരാധന നടത്തുവാനും സൗകര്യം ഉണ്ടായിരുന്നില്ല. അതിനെതിരായി നടന്ന ഐതിഹാസിക സമരമായിരുന്നു വൈക്കം സത്യാഗ്രഹം. അത് ദേശീയസമരത്തിന്റെ ഭാഗമായി തീർക്കാൻ വേണ്ടിയിട്ട് അന്ന് കോഹിനയിൽ ചേർന്നുകൊണ്ടിരുന്ന കോൺഗ്രസിന്റെ ദേശീയ സമ്മേളനത്തിൽ ഈ വിഷയം ഉന്നയിച്ച് ദേശീയ നേതാക്കൻമാരുടെ അംഗീകാരം നേടുകയും മഹാത്മജി, ശ്രീനാരായണഗുരു തുടങ്ങിയ മഹാൻമാരെ സത്യാഗ്രഹസ്ഥലത്തെത്തിക്കുകയും ചെയ്തത് ശ്രീ. റ്റി. കെ. മാധവനായിരുന്നു. അദ്ദേഹത്തിന്റെ ജന്മശതാബ്ദി കൊണ്ടാടുന്ന ഈ സന്ദർഭത്തിൽ വൈക്കത്ത് അദ്ദേഹത്തിനു സമുചിതമായ ഒരു സ്മാരകം നിർമ്മിക്കുന്നതിനു നടപടി സ്വീകരിക്കണമെന്ന് ഞാൻ മുഖ്യമന്ത്രിയോട് അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇപ്പോഴത്തെ വ്യവസ്ഥയനുസരിച്ചു സാംസ്കാരിക വകുപ്പ് സ്മാരകം പണിയുന്നത് സാഹിത്യം, കല തുടങ്ങിയ രംഗത്ത് പ്രശസ്തരായ ആളുകൾക്കാണ്. ഈ വകുപ്പനുസരിച്ചു ഇതു ചെയ്യാൻ നിയമപരമായ തടസ്സമുണ്ട്. എങ്കിലും റ്റി. കെ. മാധവനെപോലെ ആദരണീയനായ ഒരു നേതാവിന് സ്മാരകം പണിയുന്നത് ഈ സംസ്ഥാനത്തിനുതന്നെ അഭിമാനകരമായ ഒന്നാണ്. അതുകൊണ്ട് ഒന്നുകിൽ ഈ നിയമത്തിൽ ഭേദഗതി ചെയ്തു അല്ലെങ്കിൽ മറ്റ് എന്തെങ്കിലും മാർഗ്ഗത്തിൽക്കൂടി അതിനാവശ്യമായ ഒരു സംവിധാനം ഉണ്ടാക്കാൻ ഞാൻ താൽപര്യപൂർവ്വം പ്രവർത്തിക്കുന്നതാണ്.

(5) നെയ്യാറ്റിൻകരയിൽ സബ്കോടതി സ്ഥാപിക്കുന്നത് സംബന്ധിച്ച്

ശ്രീ. എസ്. ആർ. തങ്കരാജ് : സർ, ആഭ്യന്തരമന്ത്രിയുടെ ശ്രദ്ധയ്ക്കാണ് എന്റെ ഈ സബ്മീഷൻ. നെയ്യാറ്റിൻകരയിൽ ഒരു സബ്കോടതി സ്ഥാപിക്കണമെന്നുള്ളത് നെയ്യാറ്റിൻകര താലൂക്കിലെ മുഴുവൻ ജനങ്ങളുടേയും ചിരകാലാഭിലാഷമാണ്. തിരുവനന്തപുരം ജില്ലയിൽ ഇപ്പോൾ ആറ്റിങ്ങൽ ഒന്നും തിരുവനന്തപുരത്ത് മൂന്നും സബ് കോടതികൾ സ്ഥിതിചെയ്യുന്നുണ്ട്. ഒരു സബ് കോടതി പൂർണ്ണമായി പ്രവർത്തിക്കാനാവശ്യമായതിലേറെ കേസുകൾ ഇന്നു നെയ്യാറ്റിൻകര നിന്നും തിരുവനന്തപുരത്തു ഫയൽ ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly